2024
JANUARY
15
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ടി എച്ച് മുസ്തഫയക്ക് വിട



**കൊച്ചി:** കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ ടി.എച്ച്. മുസ്തഫ (82) അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ  ഇന്നലെ പുലർച്ചെ അഞ്ചരയോടെയായിരുന്നു അന്ത്യം. കെ.കരുണാകരൻ മന്ത്രിസഭയിൽ ഭക്ഷ്യമന്ത്രിയായിരുന്നു. അഞ്ചു തവണ നിയമസഭാംഗമായി. ഭൗതികദേഹം ആലുവ ചാലയ്ക്കലിലെ വീട്ടിലെത്തിച്ച്, പൊതുദർശനത്തിനു ശേഷം ഇന്നലെ രാത്രി എട്ടുമണിയോടെ  മാറമ്പള്ളി ജമാഅത്ത് ഖബർസ്ഥാനിൽ കബറടക്കി. ആരോഗ്യപ്രശ്നങ്ങളെ തുടർന്ന് നാളുകളായി രാഷ്ട്രീയ മേഖലയിൽ സജീവമല്ലായിരുന്നു ടി.എച്ച് മുസ്തഫ.എറണാകുളം പെരുമ്പാവൂർ വാഴക്കുളത്ത് ടി.കെ.എം. ഹൈദ്രോസിന്റെയും ഫാത്തിമ ബീവിയുടെയും മകനായി 1941 ഡിസംബർ ഏഴിനാണ് ജനനം. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി. യൂത്ത് കോൺഗ്രസിലൂടെയാണ് രാഷ്ട്രീയ രംഗത്തെത്തിയത്. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്, ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റ്, ജില്ലാ ജനറൽ സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു.14 വർഷം ഡിസിസി പ്രസിഡന്റായിരുന്നു. 1977ൽ ആലുവയിൽനിന്ന് ആദ്യമായി നിയമസഭാംഗമായ അദ്ദേഹം, കുന്നത്തുനാട് മണ്ഡലത്തിൽനിന്ന് 1982, 1987, 1991, 2001 വർഷങ്ങളിലും നിയമസഭയിലെത്തി. 19911995 ലെ കെ. കരുണാകരൻ മന്ത്രിസഭയിൽ ഭക്ഷ്യ, പൊതുവിതരണ വകുപ്പ് മന്ത്രിയായിരുന്നു. ഐഎൻടിയുസിയുടെ സംസ്ഥാന നിർവാഹക സമിതിയിലും ദേശീയ കൗൺസിലിലും അംഗമായിരുന്നു. കോൺഗ്രസ് നിയമസഭാകക്ഷി ഉപനേതാവ്, ഡിസിസി ജനറൽ സെക്രട്ടറി, കെപിസിസി ജനറൽ സെക്രട്ടറി, കേരള ഖാദി വ്യവസായ ബോർഡ് വൈസ് ചെയർമാൻ തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. ടി എച്ച് മുസ്തഫയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. മന്ത്രി, നിയമസഭാ സാമാജികൻ, കോൺഗ്രസ് നേതാവ് എന്നീ  നിലകളിൽ കേരളത്തിന്റെ പൊതുസാമൂഹ്യ ജീവിതത്തിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചുവെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

## കൊച്ചി കപ്പൽ ശാല
# കരുത്താർജ്ജിക്കുന്നു

**കൊച്ചി:** കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിലെ (സിഎസ്എൽ) പുതിയ ഡ്രൈ ഡോക്ക് (എൻഡിഡി), കപ്പൽ അറ്റകുറ്റപ്പണിക്കായുള്ള സിഎസ്എലിന്റെ അന്താരാഷ്ട്ര കേന്ദ്രം എന്നിവ ഈ മാസം 17 ന് പ്രധാനമന്ത്രി നരേന്ദ്രമോഡി ഉദ്ഘാടനം ചെയ്യും.കൊച്ചി പുതുവൈപ്പിനിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ എൽപിജി ഇറക്കുമതി ടെർമിനലിന്റെ ഉദ്ഘാടനവും നടക്കും.കൊച്ചിയിൽ സിഎസ്എല്ലിന്റെ നിലവിലെ സ്ഥലത്ത് ഏകദേശം 1800 കോടി രൂപ ചെലവിൽ നിർമിച്ച പുതിയ ഡ്രൈ ഡോക്ക്, നവഇന്ത്യയുടെ എൻജിനിയറിങ് വൈദഗ്ധ്യം പ്രതിഫലിപ്പിക്കുന്ന പ്രധാന പദ്ധതിയാണ്. 75/60 മീറ്റർ വീതിയും 13 മീറ്റർ ആഴവും കപ്പൽതാഴുന്നതിന് 9.5 മീറ്റർ വരെ ആഴവുമുള്ള 310 മീറ്റർ നീളമുള്ള സ്റ്റെപ്പ്ഡ് ഡ്രൈ ഡോക്ക് ഈ മേഖലയിലെ ഏറ്റവും വലിയ സമുദ്ര അടിസ്ഥാനസൗകര്യങ്ങളിൽ ഒന്നാണ്. പുതിയ ഡ്രൈ ഡോക്ക് പദ്ധതിയിൽ കരുത്തുറ്റ ഗ്രൗണ്ട് ലോഡിങ് സൗകര്യമുണ്ട്. ഇതു ഭാവിയിൽ 70,0000 വരെയുള്ള വിമാനവാഹിനിക്കപ്പലുകളും വലിയ വാണിജ്യക്കപ്പലുകളും പോലുള്ള തന്ത്രപ്രധാനമായ ആസ്തികൾ കൈകാര്യം ചെയ്യുന്നതിനുള്ള വിപുലമായ കഴിവുകൾ ഇന്ത്യക്കു സമ്മാനിക്കും. അതിലൂടെ അടിയന്തര ദേശീയ ആവശ്യങ്ങൾക്കായി ഇന്ത്യ വിദേശരാജ്യങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കാനാകും.ഏകദേശം 970 കോടി രൂപ ചെലവിൽ നിർമ്മിച്ച കപ്പൽ അറ്റകുറ്റപ്പണിക്കായുള്ള അന്താരാഷ്ട്ര കേന്ദ്രം (ഐഎസ്ആർഎഫ്) പദ്ധതി തനതു സവിശേഷതകളുള്ള ഒന്നാണ്. 6000 ടൺശേഷിയുള്ള ഷിപ്പ് ലിഫ്റ്റ് സംവിധാനം, ട്രാൻസ്ഫർ സംവിധാനം, ആറു പ്രവർത്തനനിലയങ്ങൾ, 130 മീറ്റർ നീളമുള്ള 7 കപ്പലുകളെ ഒരേസമയം ഉൾക്കൊള്ളാൻ കഴിയുന്ന 1400 മീറ്ററോളമുള്ള ബെർത്ത് എന്നിവ ഇവിടെയുണ്ട്. സിഎസ്എലിന്റെ കപ്പൽ അറ്റകുറ്റപ്പണിശേഷി നവീകരിക്കാനും വികസിപ്പിക്കാനും ഐഎസ്ആർഎഫിനു കഴിയും. കൊച്ചിയെ കപ്പൽ അറ്റകുറ്റപ്പണികളുടെ ആഗോളകേന്ദ്രമാക്കി മാറ്റുന്നതിനുള്ള ചുവടുവയ്പാകും ഇത്.കൊച്ചി പുതുവൈപ്പിനിൽ 1236 കോടി രൂപ ചെലവിൽ നിർമിച്ച ഇന്ത്യൻ ഓയിലിന്റെ എൽപിജി ഇറക്കുമതി ടെർമിനൽ അത്യാധുനിക സൗകര്യങ്ങളുള്ളതാണ്. 15,400 മെട്രിക് ടൺ സംഭരണശേഷിയുള്ള ടെർമിനൽ മേഖലയിലെ ദശലക്ഷക്കണക്കിനു വീടുകളിലും വ്യവസായങ്ങൾക്കും എൽപിജിയുടെ സ്ഥിരമായ വിതരണം ഉറപ്പാക്കും. ഏവർക്കും പ്രാപ്യവും താങ്ങാനാകുന്നതുമായ ഊർജം ഉറപ്പാക്കുന്നതിനുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്ക് ഈ പദ്ധതി കൂടുതൽ കരുത്തേകും.ഈ മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യുന്നതോടെ രാജ്യത്തിന്റെ കപ്പൽ നിർമാണ  അറ്റകുറ്റപ്പണി ശേഷി, അനുബന്ധ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള ഊർജ അടിസ്ഥാനസൗകര്യങ്ങളുടെ വളർച്ച എന്നിവയ്ക്ക് ഉത്തേജനം ലഭിക്കും. പദ്ധതികൾ കയറ്റുമതി  ഇറക്കുമതി വ്യാപാരം വർധിപ്പിക്കുകയും ലോജിസ്റ്റിക്സ് ചെലവു കുറയ്ക്കുകയും സാമ്പത്തിക വളർച്ചയെ മുന്നോട്ടുനയിക്കുകയും സ്വയംപര്യാപ്തത വർധിപ്പിക്കുകയും നിരവധി ആഭ്യന്തരഅന്താരാഷ്ട്ര വ്യാവസായിക അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

# റിലയൻസ് ജിയോ എയർഫൈബർ കേരളത്തിൽ ഇന്നു മുതൽ

**കൊച്ചി:** ലോകത്തിലെ മുൻനിര സ്വകാര്യ മൊബൈൽ ഡാറ്റ ശൃംഖലയായ റിലയൻസ് ജിയോ,  ഇന്നു മുതൽ കേരളത്തിലുടനീളം എയർ ഫൈബർ സേവനങ്ങൾ വ്യാപിപ്പിക്കുന്നതായി അറിയിച്ചു. കേരളത്തിൽ തിരുവനന്തപുരം നഗരത്തിൽ മാത്രമായിരുന്നു ഇത് വരെ ജിയോ എയർ ഫൈബർ ലഭ്യമായിരുന്നത്. സെപ്റ്റംബർ 19 നാണ് രാജ്യത്ത് ജിയോ എയർ ഫൈബറിന് തുടക്കമിട്ടത്.ജിയോ എയർ ഫൈബർ പ്ലാനിൽ 30 എംബിപിഎസ് സ്പീഡിൽ അൺലിമിറ്റഡ് ഡാറ്റ 599 രൂപയ്ക്ക് ലഭ്യമാകും. കൂടാതെ 100 എംബിപിഎസ് സ്പീഡിൽ 899 രൂപയുടെയും 1199 രൂപയുടെയും പ്ലാനുകൾ ലഭ്യമാണ്. 1199 രൂപയുടെ പ്ലാനിൽ നെറ്ഫ്ലിസ്, ആമസോൺ പ്രൈം , ജിയോ സിനിമ പ്രീമിയം ഉൾപ്പെടെ 16 ഒ ടി ടി പ്ലാറ്റുഫോമുകൾ ലഭ്യമാകും . മറ്റു രണ്ട് പ്ലാനുകളിലും 14 ഒ ടി ടി ആപ്പുകൾ ലഭ്യമാണ്.ഇന്ത്യയിലുടനീളം 1.5 ദശലക്ഷം കിലോമീറ്ററിലധികം വ്യാപിച്ചുകിടക്കുന്നതാണ് ജിയോയുടെ ഒപ്റ്റിക്കൽ ഫൈബർ ഇൻഫ്രാസ്ട്രക്ചർ. ജിയോയുടെ വിപുലമായ ഒപ്റ്റിക്കൽ ഫൈബർ സാന്നിധ്യം 200 ദശലക്ഷത്തിലധികം സ്ഥലങ്ങളിലേക്ക് ജിയോ സേവനം ലഭ്യമാക്കുന്നു. എന്നിരുന്നാലും, രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ എത്തിക്കുന്നതിൽ സങ്കീർണതകളുണ്ടായിരുന്നത് രാജ്യത്തെ  ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് ഹോം ബ്രോഡ്ബാൻഡ് ലഭിക്കുന്നതിന് തടസ്സമായിരുന്നു. ജിയോ എയർ ഫൈബറിലൂടെ ഈ തടസ്സത്തെ മറികടക്കാൻ കഴിയും.ജിയോ എയർ ഫൈബറിലൂടെ ഉപഭോക്താക്കൾക്ക് 550+ മുൻനിര ഡിജിറ്റൽ ടിവി ചാനലുകളും ഹൈഡെഫനിഷനിൽ ലഭ്യമാകും, ക്യാച്ച്അപ്പ് ടിവി,ജനപ്രിയമായ 16 ലധികം ഒടിടിആപ്പുകൾ. ടിവി, ലാപ്ടോപ്പ്, മൊബൈൽ അല്ലെങ്കിൽ ടാബ്ലെറ്റ് എന്നിങ്ങനെയുള്ള ഏത് ഉപകരണത്തിലും ആപ്പുകൾ ഉപയോഗിക്കാനും കഴിയും.ജിയോയുടെ വൈഫൈ കണക്റ്റിവിറ്റിയും നിങ്ങളുടെ വീടിന്റെയോ ബിസിനസ്സ് പരിസരത്തിന്റെയോ എല്ലാ കോണുകളിലും അതിവേഗ ബ്രോഡ്ബാൻഡ് അനുഭവവും,സ്മാർട്ട് ഹോം സേവനം,വിദ്യാഭ്യാസത്തിനും വീട്ടിൽ നിന്ന് ജോലി ചെയ്യുന്നതിനുമുള്ള ക്ലൗഡ് പിസി,സുരക്ഷാ, നിരീക്ഷണ പരിഹാരങ്ങൾ,   ആരോഗ്യ പരിരക്ഷ,വിദ്യാഭ്യാസം,സ്മാർട്ട് ഹോം ഐഒടി,ഗെയിമിംഗ്,ഹോം നെറ്റ്വർക്കിംഗ്,സൗജന്യ ഉപകരണങ്ങൾ:,വൈഫൈ റൂട്ടർ,ഫോർ കെ സ്മാർട്ട് സെറ്റ് ടോപ്പ് ബോക്സ്,വോയ്സ് ആക്റ്റീവ് റിമോട്ട് തുടങ്ങിയ ലഭ്യമാകുമെന്നും ജിയോ അധികൃതർ വ്യക്തമാക്കി.കൂടുതൽ വിവരങ്ങൾ അറിയാനും കണക്ഷനുമായി 6000860008 എന്ന നമ്പറിൽ വിളിക്കുക അല്ലെങ്കിൽ www.jio.com എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്യുക.



## പ്രാണ പ്രതിഷ്ഠ: ശിവഗിരി മഠത്തിന് ക്ഷണപത്രിക കൈമാറി



അയോദ്ധ്യക്ഷേത്രത്തിൽ ജനുവരി 22ന് നടക്കുന്ന ശ്രീരാമ പ്രാണ പ്രതിഷ്ഠ ചടങ്ങിന്റെ ക്ഷണപത്രിക ശിവഗിരി മഠത്തിലെ സ്വാമി വിരജാനന്ദയ്ക്ക് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന വൈസ് പ്രസിഡ് അഡ്വ അനിൽ വിളയിൽ കൈമാറുന്നു. വി. അനിൽ കുമാർ, അഡ്വ. സുബിത് ദാസ് എന്നിവർ സമീപം

**കൊച്ചി :** അയോദ്ധ്യക്ഷേത്രത്തിൽ ജനുവരി 22ന് നടക്കുന്ന ശ്രീരാമ പ്രാണ പ്രതിഷ്ഠ ചടങ്ങിന്റെ ക്ഷണപത്രിക ശിവഗിരി മഠത്തിലെ സ്വാമി വിരജാനന്ദയ്ക്ക് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന വൈസ് പ്രസിഡ് അഡ്വ അനിൽ വിളയിൽ കൈമാറി. വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന സഹ സേവാ പ്രമുഖ് വി. അനിൽ കുമാർ, ലീഗൽ സെൽ ജില്ലാ കൺവീനർ അഡ്വ. സുബിത് ദാസ്, സുനിൽ എന്നിവരും പങ്കെടുത്തു.

### പ്രാണ പ്രതിഷ്ഠ: നാരായണീയ സമിതി പ്രവർത്തകർ വീടുകളിൽ ദീപം തെളിയിക്കും

**കൊച്ചി :** അയോദ്ധ്യയിൽ പ്രാണ പ്രതിഷ്ഠ ചടങ്ങ് നടക്കുന്ന മുഹൂർത്തത്തിൽ അഖിലഭാരത നാരായണീയ സമിതി പ്രവർത്തകർ സ്വഭവനങ്ങളിൽ ദീപം തെളിയിക്കുമെന്ന് സമിതി അദ്ധ്യക്ഷൻ മാങ്കോട് രാമകൃഷ്ണൻ പറഞ്ഞു. ഇടപ്പള്ളി തൃക്കോവിൽ ക്ഷേത്രത്തിൽ നടന്ന അവലോകന യോഗത്തിൽ എം.ബി വിജയകുമാർ, നാരായണ പിള്ള, ഐ.ബി ശശി,പി.വി. പവിത്രൻ, എസ്. അജിത് കുമാർ, എൻ.ആർ സുധാകരൻ . പ്രദീപ് വെണ്ണല എന്നിവർ പ്രസംഗിച്ചു.

## മോട്ടോറോള റേസർ 40 അൾട്രാ, എഡ്ജ് 40 നിയോ പീച്ച് ഫസ് നിറത്തിലും




കൊച്ചി: 2024ലെ പാന്റോൺ കളർ ഓഫ് ദി ഇയറായി തിരഞ്ഞെടുത്ത പീച്ച് ഫസ് നിറത്തിൽ സ്മാർട്ട്ഫോണുകൾ പുറത്തിറക്കി മോട്ടോറോള. മോട്ടോറോളയുടെ റേസർ 40 അൾട്രാ, എഡ്ജ് 40 നിയോ എന്നിവയാണ് പാന്റോൺ പീച്ച് ഫസ് നിറത്തിൽ വിൽപ്പനയ്ക്കെത്തിയത്. പാന്റോണുമായുള്ള സഹകരണത്തിന്റെ ഭാഗമായി പാന്റോൺ നിറത്തിൽ ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്ന ലോകത്തിലെ ആദ്യത്തെ സ്മാർട്ട്ഫോൺ ബ്രാൻഡാണ് മോട്ടറോള.
ലോകത്തിലെ ഏറ്റവും വലുതും ബാഹ്യ ഡിസ്പ്ലേ ഉള്ളതുമായ നൂതന ഫ്ലിപ്പ് ഫോണാണ് മോട്ടോറോള റേസർ 40 അൾട്രാ. ആമസോൺ, മോട്ടോറോള.ഇൻ, പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവയിൽ ജനുവരി 12 മുതൽ പ്രത്യേക പരിമിതകാല വിലയായ 69,999 രൂപയ്ക്ക് റേസർ 40 അൾട്രാ ലഭ്യമാണ്. ഐ പി 68 റേറ്റുചെയ്ത അണ്ടർവാട്ടർ പ്രൊട്ടക്ഷനും 144ഹെർട്സ് 10ബിറ്റ് കർവ്ഡ് ഡിസ്പ്ലേയുമുള്ള ലോകത്തിലെ ഏറ്റവും ഭാരം കുറഞ്ഞ ഫോണാണ് മോട്ടോറോള എഡ്ജ്40 നിയോ. 8ഏആ+128ഏആ വേരിയന്റിനു 22,999 രൂപയും 12ഏആ+256ഏആ വേരിയന്റിനു 24,999 രൂപയുമാണ് വില. ഫ്ലിപ്കാർട്ട്, മോട്ടോറോള.ഇൻ, പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവയിലൂടെ എഡ്ജ്40 നിയോ ലഭ്യമാണ്.

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ കൗണ്ട് ഡൗൺ ആരംഭിച്ചു




കൊച്ചി: ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ 2024 കൗണ്ട് ഡൗൺ ആരംഭിച്ചു. ലേ മെരിഡീയൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മാരത്തണിൽ പങ്കെടുക്കാനുള്ള ആദ്യ ബിബ് രക്ഷാ സൊസൈറ്റി ചെയർമാൻ ഡബ്ള്യു സി തോമസിന് കൈമാറി. കേരളത്തിന്റെ വളർന്നു വരുന്ന കായിക സംസ്കാരത്തിൽ വലിയ പങ്കാണ് ഫെഡറൽബാങ്ക് കൊച്ചി മാരത്തൺ വഹിക്കുന്നതെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു.ശാരീരിക അവശതകളെ അതിജീവിച്ച് എഷ്യയിലാദ്യമായി കൈകളില്ലാതെ ഡ്രൈവിംഗ് ലൈസൻസ് നേടിയ തൊടുപുഴ സ്വദേശിനി ജിലുമോൾ മാരിയറ്റ് ജോമസിനെ ചടങ്ങിൽ ആദരിച്ചു. മുൻ ഇന്ത്യൻ നെറ്റ് ബോൾ ടീം ക്യാപ്റ്റനും സിനിമാ താരവുമായ പ്രാചി തെഹ്‌ലാൻ, ഇന്ത്യൻ കോസ്റ്റ്ഗാർഡ് ഡിഐജി എൻ രവി, സതേൺ നേവൽ കമാൻഡ് കമാൻഡർ സൂപ്രണ്ട് സന്ദീപ് സബ്നിസ്, സംസ്ഥാന ഭിന്നശേഷി കമ്മീഷണർ ഡോ. എസ് എച്ച് പങ്കപകേശൻ, ഡോ. ചർവകൻ, ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ അനീഷ് കെ. പോൾ, ബൈജു പോൾ, ശബരി നായർ, എം.ആർ. കെ. ജയറാം, ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ പ്രൊജക്ട് ഹെഡ് വിപിൻ നമ്പ്യാർ, കൺസൾട്ടന്റ് ജോസഫ് ആന്റണി തുടങ്ങിയവർ പങ്കെടുത്തു.കേരളത്തിലെ മനോഹരമായ അന്തരീക്ഷവും മാരത്തൺ റൂട്ടും ആസ്വദിക്കാൻ ലോകമെമ്പാടുമുള്ള ഓട്ടക്കാർക്കൊപ്പം അവരുടെ കുടുംബാംഗങ്ങളെയും ആരോഗ്യ സംരക്ഷണത്തിനായി ഫെഡറൽബാങ്ക് കൊച്ചി മാരത്തണിലേക്ക് സ്വാഗതം ചെയ്യുന്നുവെന്ന് ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ എംവിഎസ് മൂർത്തി പറഞ്ഞു. ഭിന്നശേഷി സൗഹൃദ മാരത്തൺ ആണ് ഇത്തവണ നടക്കുന്നത്. ഇത്തവണ പതിനായിരം ഓട്ടക്കാരെയാണ് പ്രതീക്ഷിക്കുന്നത്. ഫെബ്രുവരി 11ന് ലോക അത്‌ലറ്റിക് ഫെഡറേഷൻ അംഗീകൃത മാരത്തൺ റൂട്ടിലാണ് ഇത്തവണയും ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ നടക്കുക.42.195 കി.മീ മാരത്തൺ, 21.097 കി.മീ ഹാഫ് മാരത്തൺ, 10 കി.മീ, 3 കി.മീ ഗ്രീൻ റൺ എന്നീ വിഭാഗങ്ങൾക്കൊപ്പം ഇത്തവണ ഭിന്നശേഷിക്കാർക്കും ശാരീരിക അവശതകൾ നേരിടുന്നവർക്കും വേണ്ടി സ്പെഷ്യൽ റൺ സംഘടിപ്പിക്കുന്നുണ്ട്. രക്ഷ സൊസൈറ്റിയുമായി ചേർന്നാണ് ഒരു കിലോമീറ്റർ സ്പെഷ്യൽ റൺ നടക്കുക. പൊതുജനാരോഗ്യവും ശാരീരികക്ഷമതയും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ക്ലിയോസ്പോർട്സാണ് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ സംഘടിപ്പിക്കുന്നത്. ഇന്ത്യൻ അത്‌ലറ്റുകൾക്കൊപ്പം ഇത്തവണ വിദേശ അത്‌ലറ്റുകളും പങ്കെടുക്കും. ഓൺലൈൻ രജിസ്ട്രേഷന് ഠഠഠ.സീരവശാമൃമവേീ.ശി സന്ദർശിക്കുക.

## ഫേസ് ആഗോള ചാരിറ്റി അവാർഡ് വിതരണം ചെയ്തു



**കൊച്ചി:** ആഗോള തലത്തിൽ പ്രവർത്തിക്കുന്ന മികച്ച സാമൂഹ്യ പ്രവർത്തകന് ഫേസ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ രാജ്യാന്തര ചാരിറ്റി അവാർഡ് അമേരിക്കയിലെ സാമൂഹ്യ, ജീവകാരുണ്യ പ്രവർത്തകനായ ഡോ. ജേക്കബ് ഈപ്പന് സമ്മാനിച്ചു. ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ ഇന്ത്യ (സി എ ബി ഐ) ചെയർമാനും ബിസിസിഐയുടെ ഡിസേബിൾഡ് ക്രിക്കറ്റ് കമ്മിറ്റി അംഗവുമായ ഡോ. മഹന്തേഷ് ഗട്ടിവളപ്പ കിവദസന്നവർ പുരസ്കാരം സമ്മാനിച്ചു. ജസ്റ്റിസ്. പി.എൻ രവീന്ദ്രൻ അവാർഡ് ജേതാവിനെ ആദരിച്ചു. ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് അവാർഡ്.വഴിയോര കച്ചവടക്കാരെയും വീടുകളിൽ ഭക്ഷണം ഉണ്ടാക്കി വിറ്റഴിച്ച് ഉപജീവനം നടത്തുന്ന സാധാരണക്കാരെയും പ്രോത്സാഹിപ്പിക്കുന്ന സ്ട്രീറ്റ് ഫുഡ് വ്ളോഗർ അബ്ദുൾ ഹക്കീം, 25 വർഷമായി രോഗികളെ സൗജന്യമായി ചികിത്സിക്കുന്ന ജവഹർ നഗർ സ്വദേശി ഡോ.ഗ്രേസ് തോമസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. വോയിസ് ഓഫ് ഫേസ് പ്രകാശനം ജസ്റ്റിസ്. പി.എൻ രവീന്ദ്രൻ നിർവഹിച്ചു.യു എസിലെ ബിസിനസ് സംരംഭകനായ സത്യജിത്ത് നായർ, തിരുവനന്തപുരം വിമാനത്താവളം എയർ കസ്റ്റംസ് സൂപ്രണ്ട് വിവേക് വാസുദേവൻ നായർഎന്നിവർ വിശിഷ്ടാതിഥികളായിരുന്നു. ഫേസ് ഫൗണ്ടേഷൻ പ്രസിഡന്റ് ടി.ആർ ദേവൻ, വൈസ് ചെയർമാൻ ഡോ: ടി. വിനയകുമാർ, സെക്രട്ടറി സി.ബി ഹരി, ജോയിന്റ് സെക്രട്ടറി അഡ്വ. കെ.എം സത്യനാഥ മേനോൻ, ട്രഷറർ ആർ. ഗിരീഷ് , നെഹ്റു ഗ്രൂപ്പ് കമ്യൂണിക്കേഷൻസ് മാനേജർ വി. സുരേഷ് കുമാർ, ഓഡിറ്റർ എ.എസ് രാജൻ എന്നിവർ പ്രസംഗിച്ചു. കേരള ബ്ലൈൻഡ് ക്രിക്കറ്റ് അസോസിയേഷൻ ജനറൽ സെക്രട്ടറി രജനീഷ് ഹെൻറി, സി.ജി രാജഗോപാൽ, ഡോ.മേരി അനിത, കെ.വി ഷാജി, ഫേസ് ട്രസ്റ്റിമാരായ ലിസ്സി വർഗീസ്, സുഭാഷ് ആർ മേനോൻ, യു.എസ് കുട്ടി എന്നിവർ പങ്കെടുത്തു.

## ഹാർവെസ്റ്റ് ഫെസ്റ്റിവൽ: ആരോഗ്യകരമായ വിഭവങ്ങൾ പരിഗണിക്കണം

**കൊച്ചി:** രാജ്യത്തുടനീളമുള്ള വൈവിധ്യമാർന്ന പാരമ്പര്യങ്ങളാൽ അടയാളപ്പെടുത്തപ്പെടുന്ന സുപ്രധാന ആഘോഷമായ വിളവെടുപ്പ് ഉത്സവത്തിന്റെ (ഹാർവെസ്റ്റ് ഫെസ്റ്റിവൽ) ഭാഗമായുള്ള ആഘോഷങ്ങളിൽ ആരോഗ്യകരമായ ഭക്ഷണരീതി പിന്തുടരാൻ ആഹ്വാനം ചെയ്ത് പ്രമുഖർ. ഇന്ത്യയിൽ പ്രമേഹം പോലുള്ള ജീവിതശൈലി രോഗങ്ങളുടെ വ്യാപനം കണക്കിലെടുത്താണ് നീക്കം. ആഘോഷങ്ങൾ ആരോഗ്യകരമാക്കേണ്ടത് നിർണായകമാണെന്നും, അതിനാൽ വിളവെടുപ്പ് ഉത്സവകാലത്ത് സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും പരമ്പരാഗത മധുരപലഹാരങ്ങൾ സമ്മാനിക്കുന്നതിനുപകരം ബദാം ഉൾപ്പെടുന്ന ആരോഗ്യകരമായ വിഭവങ്ങൾ പരിഗണിക്കണമെന്നും ആഹ്വാനമുണ്ട്. പോഷകമൂല്യത്തിന് പേരുകേട്ട ബദാമിൽ അവശ്യ പോഷകങ്ങളായ മഗ്നീഷ്യം, ഫോസ്ഫറസ്, കാത്സ്യം എന്നിവയുണ്ട്. വളർച്ചയിലും വികാസത്തിലും രോഗപ്രതിരോധ പ്രവർത്തനത്തിന്റെ പരിപാലനത്തിലും നിർണായക പങ്ക് വഹിക്കുന്ന ഒരു പോഷകമായ സിങ്കിന്റെ ഉറവിടം കൂടിയാണ് ബദാം. പ്രിയപ്പെട്ടവരുമായി സമ്മാനങ്ങൾ കൈമാറുമ്പോൾ, കലോറിയും പഞ്ചസാരയും അടങ്ങിയ ഭക്ഷണങ്ങളിൽ നിന്ന് ബദാം പോലുള്ള ആരോഗ്യ ബോധമുള്ള ഒരു ബദലിലേക്ക് മാറുന്നത് പരിഗണിക്കണമെന്ന് ഫിറ്റ്നസ് വിദഗ്ധയും സെലിബ്രിറ്റി മാസ്റ്റർ ഇൻസ്ട്രക്ടറുമായ യാസ്മിൻ കറാച്ചിവാല പറഞ്ഞു. ഉത്സവ ഭക്ഷണങ്ങളിലെ പരമ്പരാഗത മധുരപലഹാരങ്ങൾ, ആരോഗ്യകരമായ ഓപ്ഷനുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിച്ചുകൊണ്ട് സാധാരണ ആഘോഷങ്ങളിൽ ശ്രദ്ധാപൂർവമായ മാറ്റങ്ങൾ വരുത്താമെന്നും, അത്തരം ഒരു ആരോഗ്യകരമായ ഓപ്ഷൻ ബദാം ആണെന്നും ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു. ഉത്സവ വേളകളിൽ പരമ്പരാഗത പലഹാരങ്ങൾ കഴിക്കുന്നത് സാധാരണമാണ്, എന്നാൽ പരിധി വയ്ക്കേണ്ടത് പ്രധാനമാണെന്ന് ഇന്റഗ്രേറ്റീവ് ന്യൂട്രീഷനിസ്റ്റും ഹെൽത്ത് കോച്ചുമായ ഡോ. രോഹിണി പാട്ടീൽ പറഞ്ഞു.

## ബാംബൂ ഫെസ്റ്റ്: ദേശീയ സെമിനാർ സമാപിച്ചു

**കൊച്ചി:** മുള മേഖലയുടെ സമഗ്ര വികസന നിർദേശങ്ങൾ തയ്യാറാക്കി ദ്വിദിന ദേശീയ സെമിനാർ സമാപിച്ചു. മുളയുടെ സമസ്ത മേഖലകളുടെയും കാലോചിത നവീകരണം, കൃഷിക്കാർ മുതൽ എല്ലാ വിഭാഗം തൊഴിലാളികളുടെയും ക്ഷേമം എന്നിവ നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നു.

വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി സംസ്ഥാന ബാംബൂ മിഷൻ, കെ ബിപ് തുടങ്ങിയവയുടെ സഹകരണത്തോടെ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് ഈ മാസം 17 വരെ നടക്കുന്ന 20ാമത് കേരള ബാംബൂ ഫെസ്റ്റിന്റെ ഭാഗമായി കൊച്ചി താജ് വിവാന്തയിൽ നടന്ന സെമിനാറിന്റെ അവസാന ദിനം ഏഴു സാങ്കേതിക സെഷനുകളും ചർച്ചയും ക്രോഡീകരണവും നടന്നു. സെമിനാർ മോഡറേറ്ററായ കെഎഫ്ആർഐ മുൻ ഡയറക്ടർ ഡോ ശ്യാം വിശ്വനാഥ് ആമുഖപ്രഭാഷണം നടത്തി. ചർച്ചകളുടെ ക്രോഡീകരണവും നിർവ്വഹിച്ചു. മുള മേഖലയുടെ വികസനത്തിൽ ബിസിഡിഐയുടെ പങ്കിനെപ്പറ്റി ത്രിപുര ബിസിഡിഐ സിഇഒ ഡോ അഭിനവ് കാന്ത്, കേരളത്തിൽ മുളയുടെ വ്യാപനവും വിജയഗാഥകളും എന്ന വിഷയത്തിൽ കെഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ വി ബി ശ്രീകുമാർ, സുസ്ഥിര ജീവിതത്തിൽ മുളയുടെ പങ്കിനെപ്പറ്റി മഹാരാഷ്ട്ര കെഒഎൻബിസി എംഡി സഞ്ജീവ് കാർപെ, ഇന്ത്യയിൽ മുളയുടെ വിജയചരിത്രത്തെപ്പറ്റി മഹാരാഷ്ട്ര ബാംബൂ ഇന്ത്യ സിഇഒ യോഗേഷ് ഷിൻഡെ, ബാംബൂ ജ്വല്ലറിയെക്കുറിച്ച് അസം നീര സർമ ഫൗണ്ടേഷൻ ചെയർപേഴ്സൺ നീര സർമ എന്നിവർ പ്രഭാഷണം നടത്തി. ബാംബൂ പ്രിസർവേഷൻ ട്രീറ്റ്മെന്റിനെക്കുറിച്ച് കെഎഫ്ആർഐ സയന്റിസ്റ്റ് ഡോ ശ്വേത ബി കുക്രെതിയും ബാംബൂ എന്റർപ്രൈസസിനെക്കുറിച്ച് വയനാട് ഉറവ് സിഇഒ ടോണി പോളും ക്ലാസെടുത്തു.

## വിസിലിംഗ് കലയെ പ്രോത്സാഹിപ്പിക്കണം

**കൊച്ചി.:** ചാവറ കൾച്ചറൽ സെൻററുംവേൾഡ് ഓഫ് വിസിലേഴ്സും സംയുക്തമായി വിസിലിങ് (ചൂളമടി) സംഗീത പരിശീലന പരിപാടി സംഘടിപ്പിച്ചു. വിസിലിംഗ് ഒരു കലയായി അംഗീകരിച്ചു കൊണ്ട് കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കണമെന്ന് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് ചാവറ കൾച്ചറൽ സെൻറർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. അഭിപ്രായപ്പെട്ടു. ഗാനങ്ങൾ ചൂളമടിച്ച് ഓർക്കസട്ര യുടെ അകമ്പടിയോടെ പരിശീലനം നടത്തുമ്പോൾ തെറ്റുകൾ തിരുത്തി നല്ല സംഗീതം ഉറപ്പാക്കാമെന്നും തുടർന്നും മാസത്തിൽ ഒരു ദിവസം ചാവറയിൽ വിസിലിംഗ് അവതരണം ഉണ്ടാകുമെന്നും ഫാദർ അനിൽ ഫിലിപ്പ് പറഞ്ഞു.വേൾഡ് ഓഫ് വിസിലേഴ്സ് പ്രസിഡണ്ട് ജ്യോതി കമ്മത്ത് അധ്യക്ഷത വഹിച്ചു. ബിജോയ് എം.കെ, അനിൽ ജേക്കബ് എന്നിവർ പ്രസംഗിച്ചു. നാസർ ഇടപ്പള്ളി,തങ്കച്ചൻ, ജോയ് കാലടി എന്നിവർ ഓർക്കസ്ട്ര നയിച്ചു.20 അംഗങ്ങൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

# ബീച്ച് ഗെയിംസ് 2024: മധ്യപ്രദേശ് ഓവറോൾ ചാമ്പ്യന്മാർ



**ന്യൂഡൽഹി::**ദിയുവിലെ 'ബ്ലൂ ഫ് ളാഗ്' അംഗീകാരമുള്ള പുരാതനമായ ഘോഘ്ല ബീച്ചിൽ സംഘടിപ്പിച്ച ഇന്ത്യയിലെ ആദ്യ കടൽത്തീര കായിക മത്സരമായ ബീച്ച് ഗെയിംസ്2024 സമാപിച്ചു. കടൽത്തീരമില്ലാത്ത സംസ്ഥാനമായ മധ്യപ്രദേശ് ഏഴ് സ്വർണം ഉൾപ്പെടെ 18 മെഡലുകളെന്ന ശ്രദ്ധേയ നേട്ടത്തോടെ ഓവറോൾ ചാമ്പ്യന്മാരായി. 3 സ്വർണമടക്കം 14 മെഡലുകൾ മഹാരാഷ്ട്ര നേടിയപ്പോൾ തമിഴ്നാടും ഉത്തരാഖണ്ഡും ആതിഥേയരായ ദാദ്ര, നാഗർ ഹവേലി, ദിയുദാമനും 12 മെഡലുകൾ വീതം നേടി. അസം 5 സ്വർണം ഉൾപ്പെടെ 8 മെഡലുകളാണ് നേടിയത്.ആവേശകരവും അപ്രതീക്ഷിതവുമായ സംഭവവികാസങ്ങളോടെ ബീച്ച് ഫുട്ബോൾ മത്സരത്തിൽ സ്വർണമെഡൽ കരസ്ഥമാക്കിയ ലക്ഷദ്വീപ് ചരിത്രനേട്ടം കുറിച്ചു. വാശിയേറിയ ഫൈനലിൽ മഹാരാഷ്ട്രയെ 5-4നാണ് ലക്ഷദ്വീപ് തോൽപിച്ചത്. ജനുവരി 4 മുതൽ 11 വരെ 28 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി 21 വയസ്സിന് താഴെയുള്ള 1404 കായികതാരങ്ങളാണ് 205 കായിക ഉദ്യോഗസ്ഥരുടെ പിന്തുണയോടെ വൈവിധ്യമാർന്ന ഇനങ്ങളിൽ പങ്കെടുത്തത്.മത്സരങ്ങൾ ഓരോ ദിവസവും 2 സെഷനുകളിലായി ക്രമീകരിച്ചു. രാവിലെ 8 മണിക്ക് ആരംഭിച്ച് ഉച്ചയ്ക്ക് സമാപിക്കുന്ന പ്രഭാത സെഷനു ശേഷം 3 മണിക്ക് ഉച്ചകഴിഞ്ഞുള്ള സെഷൻ ആരംഭിക്കുന്നു. വടംവലിയിലെ തന്ത്രപ്രധാന ബലപരീക്ഷണങ്ങൾ മുതൽ ആശ്ചര്യപ്പെടുത്തുന്ന കടൽ നീന്തൽ വരെ, 'പെൻചക് സിലാട്ട്'ന്റെ ആയോധനകലയും 'മല്ലഖംബ്'ന്റെ കായികാഭ്യാസ പ്രദർശനവും ബീച്ച് വോളിബോളിന്റെ ചടുല ചലനങ്ങളും ബീച്ച് കബഡിയിലെ തന്ത്രപ്രധാന പോരാട്ടങ്ങളും ബീച്ച് ഫുട്ബോളിന്റെ രോമാഞ്ചമുളവാക്കുന്ന കിക്കുകളും ഗോളുകളുമടക്കം ഓരോ കായിക ഇനവും ഗെയിംസിന് അതുല്യമായ ഊർജ്ജം പകർന്നു. ആവേശമുയർത്തിയ ബീച്ച് ബോക്സിങ്ങിന്റെ അരങ്ങേറ്റം മത്സരാർഥികളുടെയും കാണികളുടെയും മനം കവരുകയും രാജ്യത്തിന്റെ കായികയാത്രയിൽ ചരിത്രനിമിഷം അടയാളപ്പെടുത്തുകയും ചെയ്തു.

## നിഫ്റ്റി 50 ഇടിഎഫ്, നിഫ്റ്റി ബാങ്ക് ഇടിഎഫ് അവതരിപ്പിച്ച് ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ്

**കൊച്ചി:** ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ് ഇതാദ്യമായി ബജാജ് ഫിൻസെർവ് 50 ഇടിഎഫ്, ബജാജ് ഫിൻസെർവ് ബാങ്ക് ഇടിഎഫ് എന്നീ രണ്ട് എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകൾ അവതരിപ്പിച്ചു. രാജ്യത്തെ ഓഹരി വിപണിയിലെ രണ്ട് പ്രമുഖ നിക്ഷേപ സൂചികകളായ നിഫ്റ്റി 50 ഇൻഡെക്സ്, നിഫ്റ്റി ബാങ്ക് ഇൻഡെക്സ് എന്നിയുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപിക്കുന്ന ഇവയുടെ എൻഫ്ഒകൾ ജനുവരി 15ന് ആരംഭിക്കും. നിക്ഷേപിക്കാനുള്ള അവസാന തീയതി ജനുവരി 18. തുടർവിൽപ്പനയ്ക്കും റീപർച്ചേസിനുമായി പദ്ധതി ജനുവരി 29ന് വീണ്ടും തുറക്കും. ദീർഘകാല മൂലധന വർധന ലക്ഷ്യമിടുന്ന നിക്ഷേപകർക്ക് അനുയോജ്യമാണ് പുതിയ പദ്ധതികളെന്ന് ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ് സിഇഒ ഗണേഷ് മോഹൻ പറഞ്ഞു. ഈ രണ്ട് സൂചികകളും രാജ്യത്തെ പ്രമുഖ ലാർജ് ക്യാപ് കമ്പനികൾ ഉൾക്കൊള്ളുന്നവയാണ്. ഓതറൈസ്ഡ് പാർടിസിപ്പന്റ് (എപി) സൗകര്യമുള്ളതുകൊണ്ട് രണ്ട് പദ്ധതികളിലെ നിക്ഷേപങ്ങളും എപ്പോൾ വേണമെങ്കിലും വിറ്റ് പണമാക്കാം.ബാങ്കിംഗ് മേഖല വൻകുതിപ്പിന് തയ്യാറെടുക്കുന്ന പശ്ചാത്തലത്തിലാണ് നിഫ്റ്റി ഇടിഎഫ് അവതരിപ്പിച്ചിരിക്കുന്നതെന്ന് ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ് സിഐഒ നിമേഷ് ചന്ദ്രൻ പറഞ്ഞു. നിഫ്റ്റി 50 ഇൻഡെക്സാകട്ടെ ചരിത്രപരമായിത്തന്നെ മികച്ച വളർച്ച കാണിക്കുന്ന സൂചികയാണ്.സോർഭ് ഗുപ്ത, ഇലേഷ് സാൽവ എന്നിവരാണ് രണ്ട് ഫണ്ടും സംയുക്തമായി മാനേജ് ചെയ്യുന്നത്. രാജ്യത്തെ ഏറ്റവും ആദരിക്കപ്പെടുന്ന ബ്രാൻഡുകളിലൊന്നായ ബജാജ് ഫിൻസെർവിന്റെ 100% സബ്സിഡിയറിയാണ് ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ്. കൂടുതൽ വിവരങ്ങൾക്ക് www.bajajamc.com

## കുമാരനാശാൻ ചരമശതാബ്ദി ആചരണം സംസ്ഥാനതല ഉദ്ഘാടനം

**കൊച്ചി:** മഹാകവി കുമാരനാശാൻ അന്തരിച്ചിട്ട് നൂറു വർഷം തികയുന്ന 2024 ജനുവരി 16 മുതൽ ഒരു വർഷം സംസ്ഥാനത്തുടനീളം ആചരണ പരിപാടികൾ സംഘടിപ്പിക്കാൻ കുമാരനാശാൻ ചരമശതാബ്ദി ആചരണസമിതി തീരുമാനിച്ചു. ജനുവരി 16 ന് രാവിലെ 11മണിക്ക് എറണാകുളത്ത് അദ്ധ്യാപകഭവനിൽ നടക്കുന്ന സമ്മേളനം സമിതി ചെയർമാൻ പ്രൊഫ. എം.കെ.സാനു ഉദ്ഘാടനം ചെയ്യും. പ്രൊഫ. എം.തോമസ് മാത്യു അധ്യക്ഷനാകുന്ന യോഗത്തിൽ കുരീപ്പുഴ ശ്രീകുമാർ, ഡോ. എ.പി.മത്തായി, ഡോ.വിൻസന്റ് മാളിയേക്കൽ എന്നിവർ സംസാരിക്കും.

## ഐ ട്രിപ്പിൾ ഇ: പ്രൊഫ. മുഹമ്മദ് കാസി ചെയർമാൻ; ഡോ.കെ. ബിജു സെക്രട്ടറി





**കൊച്ചി:** എൻജിനീയർമാരുടെ അന്താരാഷ്ട്ര സംഘടനയായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയേർസ് (ഐ ട്രിപ്പിൾ ഇ) കേരള ഘടകത്തിന്റെ ചെയർമാൻ ആയി പ്രൊഫ. മുഹമ്മദ് കാസിമിനേയും, സെക്രട്ടറിയായി ഡോ.കെ. ബിജു വിനെയും തിരഞ്ഞെടുത്തു.പ്രൊഫ. മുഹമ്മദ് കാസിം കൊല്ലം ടി കെ എം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ റിട്ടയേർഡ് പ്രൊഫസർ ആണ്. കേരള സാങ്കേതിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഡയറക്ടർ ആണ് ഡോ.കെ.ബിജു . ഡോ. ബിജുന കുഞ്ഞ് വൈസ് ചെയർപേഴ്സണായും, പ്രൊഫ. എസ്. നന്ദൻ ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു.

## ബ്ലൈൻഡ് ഫുട്ബോൾ ടൂർണമെന്റ്: കേരളത്തിന് രണ്ടാം സ്ഥാനം



**കൊച്ചി:** ഗോവ യിൽ വെച്ച് നടക്കുന്ന അന്താരാഷ്ട്ര പർപ്പിൾ ഫെസ്റ്റിൻറെ ഭാഗമായി നടത്തുന്ന ഐ ബി എ ഫ് എ ഫ് സൗത്ത് വെസ്റ്റ് സോണൽ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തിന് രാം സ്ഥാനം. വനിതാ വിഭഗത്തിലും പുരുഷ വിഭാഗത്തിലും കേരളാ ബ്ലൈൻഡ് ഫുട്ബോൾ ടീമിന് രാം സ്ഥാനം നേടാനായി. ഫൈനലിൽ കേരളത്തെ തോൽപ്പിച്ച് ഇരു വിഭാഗഭകളിലും ഗുജറാത്ത് ജേതാക്കളായി. ടൂർണമെന്റിൽ രാം സ്ഥാനം നേടിയതോടെ നാഷണൽ ബ്ലൈൻഡ് ഫുട്ബോൾ ടൂര്ണമെന്റിലേക് യോഗ്യത നേടാനും കേരളത്തിന്റെ വനിത പുരുഷ ടീമുകൾക് കഴിഞ്ഞു. കേരളത്തിന്റെ അഭിഷേക് എമേർജിങ് പ്ലയെർ ആയും, സുജിത് പ ി സ് , അപർണ ഇ ടൂർണമെന്റിലെ മികച്ച ഗോൾ കീപ്പർമാരാരെയും തിരഞ്ഞെടുക്കപ്പെട്ടു.

## യുടിഐ വാല്യു ഫണ്ട്: ആസ്തികൾ 8468 കോടി രൂപ

**കൊച്ചി:** മൂല്യത്തിൻറെ അടിസ്ഥാനത്തിൽ നിക്ഷേപം നടത്തുന്ന യുടിഐ വാല്യു ഫണ്ട് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 8468 കോടി രൂപ കഴിഞ്ഞതായി 2023 ഡിസംബർ 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. പദ്ധതിയുടെ നിക്ഷേപങ്ങളിൽ 67 ശതമാനവും ലാർജ് ക്യാപ് ഓഹരികളിലും ബാക്കി മിഡ്, സ്മോൾ ക്യാപുകളിലാണെന്നും ഡിസംബർ 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു.എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഇൻഫോസിസ്, ആക്സിസ് ബാങ്ക്, ഭാരതി എയർടെൽ, എസ്ബിഐ, കോട്ടക് മഹീന്ദ്ര, ഹിൻഡാൽകോ ഇൻഡസ്ട്രീസ്, ടാറ്റാ സ്റ്റീൽ, കോൾ ഇന്ത്യ എന്നിവയിലാണ് ഏറ്റവും കൂടുതൽ ഓഹരികളുള്ളത്. ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങളോടെ ഓഹരി നിക്ഷേപം കെട്ടിപ്പടുക്കാൻ ഉദ്ദേശിക്കുന്നവർക്ക് അനുയോജ്യമായതാണ് 2005ൽ ആരംഭിച്ച യുടിഐ വാല്യു ഫണ്ട്.

# ബാംബൂ മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികളുടെയും ക്ഷേമമുറപ്പാക്കും



**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി സംസ്ഥാന ബാംബൂ മിഷൻ, കെ ബിപ് തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ നടത്തുന്ന 20ാമത് കേരള ബാംബൂ ഫെസ്റ്റിനു കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് തിരിതെളിഞ്ഞു. മന്ത്രി പി രാജീവ് മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.ബാംബൂ മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികളുടെയും ക്ഷേമത്തിനു പ്രാമുഖ്യം നൽകിക്കൊണ്ടു പുതിയ ക്രമീകരണങ്ങൾ കൊണ്ടു വരുമെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. പ്രകൃതിദത്ത ഉൽപന്നങ്ങൾക്കു ആവശ്യം വർധിതമാകുന്ന സാഹചര്യം കണക്കിലെടുത്താണ് നടപടികൾ കൈക്കൊള്ളുന്നത്. പുത്തൻ ഡിസൈനുകൾ ഇക്കുറി മേളയ്ക്കു മിഴിവേകുന്നു. സ്ഥിരം എക്സിബിഷൻ സെന്റർ കാക്കനാട് അടുത്ത മാസം ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.ഉദ്ഘാടന സമ്മേളനത്തിൽ ടി. ജെ. വിനോദ് എംഎൽഎ. അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എംപി വിശിഷ്ടാതിഥിയായി. മേയർ അഡ്വ. എം.അനിൽ കുമാർ മുഖ്യ പ്രഭാഷണം നടത്തി. ദേശീയ ബാംബൂ മിഷൻ ഡയറക്ടർ ഡോ പ്രഭാത് കുമാർ എന്നിവർ പ്രത്യേക പ്രഭാഷണം നടത്തി.വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കേരള ബാംബൂ മിഷൻ ഡയറക്ടറുമായ എസ്. ഹരികിഷോർ, ജില്ല കളക്ടർ എൻ എസ് കെ ഉമേഷ് , കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗീസ്, ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി എ നജീബ്, കെ ബിപ് സി ഇ ഒ എസ് സൂരജ് എന്നിവരും പ്രസംഗിച്ചു.ജപ്പാനിൽ നിന്നുള്ള പ്രതിനിധി സംഘത്തിന്റെ സാന്നിധ്യം കൊണ്ട് അന്താരാഷ്ട്ര തലത്തിലേക്ക് ഉയർന്ന മേള ഈ മാസം 17വരെ തുടരും. ദിവസവും രാവിലെ 11 മുതൽ രാത്രി 9 വരെ മേളയിൽ പ്രവേശനമുണ്ടാകും. പ്രവേശനം സൗജന്യമാണ്.

മുളയുൽപ്പന്നങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വ്യത്യസ്തമാർന്ന ശേഖരം ഇരുപതാമത് ബാംബു ഫെസ്റ്റിനെ വേറിട്ടതാക്കുന്നു. രണ്ടംഗ ജാപ്പനീസ് പ്രതിനിധി സംഘത്തിന്റെ സ്റ്റാളും ഇക്കുറി മേളയുടെ സവിശേഷതയാണ്.കേരളത്തിൽ നിന്നും 12 ഇതര സംസ്ഥാനങ്ങളിൽ നിന്നും ജപ്പാനിൽ നിന്നുമായി 201 സ്റ്റാളുകളാണ് പ്രദർശന വിപണന മേളയിൽ.നാന്നൂറോളം കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും മുള മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ ഗവേഷണ സ്ഥാപനങ്ങളും ഫെസ്റ്റിൽ പങ്കെടുക്കുന്നു. ഇതിൽ 50 ലെറെ അംഗങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ്.മുളകരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണ രീതികൾ തത്സമയം മനസിലാക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിനും മേളയിൽ അവസരമൊരുക്കിയിട്ടുണ്ട്. സംസ്ഥാന ബാംബൂ മിഷൻ പരിശീലകർ രൂപകൽപന ചെയ്ത വിവിധ കരകൗശല ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനു പ്രത്യേക ബാംബൂ ഗ്യാലറിയുമുണ്ട്. ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുള വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാസാംസ്കാരിക പരിപാടികൾ നടക്കും.മുളയരി, മുളകൂമ്പ് എന്നിവയിൽ നിർമ്മിച്ച വിവിധ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സ്റ്റാളുകളും മുള നഴ്സറികളും മേളയുടെ സവിശേഷ ആകർഷണമാണ്.

# സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് സമാപിച്ചു



**കൊച്ചി:** എറണാകുളത്ത് നടന്ന അഞ്ചാമത് സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് സമാപിച്ചു. പ്രായത്തെ വെല്ലുന്ന പോരാട്ടവീര്യവുമായി 16 വേദികളിലായി 22 ഇനങ്ങളിലായി മൂവായിരത്തോളം കായികതാരങ്ങളാണ് മാറ്റുരച്ചത്. അത്‌ലറ്റിക്, ആർച്ചറി, ആം റെസ്ലിംഗ്, ബാഡ്മിന്റൺ, ബാസ്ക്കറ്റ് ബോൾ, ബോഡി ബിൽഡിംഗ്, ചെസ്, ഫുട്ബോൾ, ഹാൻഡ്ബാൾ, ഹോക്കി, കബഡി, പവർ ലിഫ്റ്റിങ്, ഷൂട്ടിംഗ്, നീന്തൽ, ടേബിൾ ടെന്നീസ്, ടെന്നീസ്, വോളിബാൾ, വെയിറ്റ് ലിഫ്റ്റിങ്, ജൂഡോ, റെസ്ലിംഗ്, യോഗ എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ നടന്നത്. വിജയികളായവർ അടുത്തമാസം ഗോവയിൽ നടക്കുന്ന ദേശീയ മാസ്റ്റേഴ്സ് ഗെയിംസിൽ പങ്കെടുക്കും.50 + വിഭാഗം വനിതാ ഫുട്ബോൾ മത്സരത്തിൽ കണ്ണൂരിനെ പരാജയപ്പെടുത്തി എറണാകുളം (20) വിജയിച്ചു. 40 +വിഭാഗത്തിൽ കൊല്ലവും തിരുവനന്തപുരവും ഏറ്റുമുട്ടി. (21) നു തിരുവനന്തപുരം ജേതാക്കളായി. 50 + വിഭാഗം പുരുഷ ഫുട്ബോൾ മത്സരത്തിൽ തിരുവനന്തപുരത്തെ പരാജയപ്പെടുത്തി എറണാകുളം (31) വിജയിച്ചു. 30 + ഫുട്ബോൾ മത്സരത്തിൽ കാസർകോട്ടും മലപ്പുറവും ഏറ്റുമുട്ടി. ഒരുഗോളിന് മലപ്പുറം വിജയികളായി.ബാസ്ക്കറ്റ് ബോൾ ഫൈനലിൽ 40 പേയിന്റിനെതിരെ 54 പോയിന്റുകൾക്ക് എറണാകുളം തിരുവനന്തപുരത്തെ പരാജയപ്പെടുത്തി. ടെന്നീസിൽ എറണാകുളം ജില്ലാ ചാമ്പ്യന്മാരായി.

# പുതിയ രൂപഭാവത്തിൽ സോണറ്റ്; കിയയുടെ പുതിയ കോംപാക്ട് എസ്യുവി




**തിരുവനന്തപുരം:**കിയയുടെ ജനപ്രിയ കോംപാക്ട് എസ്യുവി ആയ സോണറ്റിന്റെ ഏറ്റവും പുതിയ പതിപ്പ് പുറത്തിറക്കി. മാർക്കറ്റിൽ 7.99 ലക്ഷം രൂപമുതൽ തുടക്കത്തിൽ ലഭ്യമാകും. ഈ വിഭാഗത്തിൽ മെയിന്റനൻസ് ചെലവുകൾ ഏറ്റവും കുറഞ്ഞ കാറായിരിക്കും ഇതെന്ന് കമ്പനി അവകാശപ്പെടുന്നു. എന്നാൽ സുരക്ഷയിലും സുഖകരമായ ഡ്രൈവിംഗ് അനുഭവത്തിലും വിട്ടുവീഴ്ചകൾക്ക് കമ്പനി തയാറായിട്ടില്ല. പത്ത് ഓട്ടോണോമസ് ഡ്രൈവിംഗ് സംവിധാനങ്ങളും ഉയർന്ന സുരക്ഷയ്ക്ക് 15 ഫീച്ചറുകളുമാണ് കമ്പനി ഇത്തവണ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആറ് എയർ ബാഗുകൾ, കൊളീഷൻ അവോയിഡൻസ് സിസ്റ്റം, ലൈൻ ഫോളോവിങ് അസിസ്റ്റ്, ഇലക്ട്രോണിക് സ്റ്റെബിലിറ്റി മാനേജ്മെന്റ് അക്കൂട്ടത്തിൽ ആകർഷകമായ ചില സവിശേഷതകളാണ്.9.79 ലക്ഷം രൂപമുതലാണ് ഡീസൽ പതിപ്പുകളുടെ വില തുടങ്ങുന്നത്. മാനുവൽ, ഓട്ടോമാറ്റിക്, പെട്രോൾ, ഡീസൽ ഉൾപ്പെടെ 19 പതിപ്പുകൾ ലഭ്യമാണ്. ഏറ്റവും കൂടുതൽ സവിശേഷതകളുള്ള ടോപ് മോഡലിന് 15.69 ലക്ഷം രൂപയാണ് ഓൺ റോഡ് വില. ഈ സെഗ്മെന്റിലെ ഇതേ വിലയിലുള്ള മറ്റ് എസ്യുവികളേക്കാൾ സവിശേഷതകളുടെയും സുരക്ഷയുടേയും കാര്യത്തിൽ ബഹുദൂരം മുന്നിലാണ് പുതിയ സോണറ്റ്. കൂടുതൽ മസ്കുലാർ ആയ കരുത്തുറ്റ രൂപഭാവവും വാഹനത്തെ ആകർഷകമാക്കുന്നു. പ്രീമിയം സെഗ്മെന്റിലുള്ള കോംപാക്ട് എസ്യുവികളുടെ തിരിച്ചുവരവിന്റെ തുടക്കമായിരിക്കും പുതിയ സോണറ്റ് എന്നാണ് മാർക്കറ്റ് പ്രതീക്ഷിക്കുന്നത്. ഹിന്ദിയിലും ഇംഗ്ലീഷിലും വാക്കാൽ നൽകുന്ന നിർദേശങ്ങൾ അനുസരിക്കാൻ കഴിയുന്ന സംവിധാനമാണ് കാറിനകത്തുള്ളത്. എട്ട് മോണോടോൺ, രണ്ട് ഡ്യുവൽ ടോൺ, ഒരു മാറ്റ് ഫിനിഷ് എന്നീ നിറങ്ങളിലാണ് സോണറ്റ് വിപണിയിലെത്തുന്നത്. കിയയുടെ വെബ്സൈറ്റ് വഴിയും ഡീലർഷിപ്പുകൾ വഴിയും ബുക്കിംഗ് ആരംഭിച്ചു കഴിഞ്ഞു. 25,000 രൂപയാണ് ബുക്കിങ്ങിന് നൽകേണ്ടത്.

# ടാലന്റ്സ്പ്രിന്റ് വുമൺ എൻജിനീയേഴ്സ് പ്രോഗ്രാം



**തിരുവനന്തപുരം** :എഡ്ടെക് കമ്പനിയായ ടാലന്റ്സ്പ്രിന്റ് ഗൂഗിളിന്റെ പിന്തുണയോടെ വുമൺ എൻജിനീയേഴ്സ് പ്രോഗ്രാമിന്റെ ആറാം പതിപ്പ് ആരംഭിച്ചു. സാങ്കേതികരംഗത്ത് വൈവിധ്യവും തുല്യതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇന്ത്യയിലുടനീളമുള്ള ഒന്നാം വർഷ എൻജിനീയറിങ് വിദ്യാർത്ഥിനികൾക്കായാണ് വുമൺ എൻജിനീയേഴ്സ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 200 ഒന്നാംവർഷ എൻജിനിയറിങ് ബിരുദ വിദ്യാർഥിനികൾക്ക് പ്രോഗ്രാം ഫീസ് ഉൾപ്പെടെ നൂറുശതമാനം സ്കോളർഷിപ്പ് കമ്പനി നൽകും. കൂടാതെ തിരഞ്ഞെടുക്കുന്നവർക്ക് ഒരു ലക്ഷം രൂപയുടെ വിദ്യാഭ്യാസധനസഹായവും നൽകും.ജനുവരി 18 ആണ് ഇക്കൊല്ലത്തെ സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അവസാനതീയതി. കൂടുതൽ വിവരങ്ങൾക്കായി ടാലന്റ്സ്പ്രിന്റ് വെബ്സൈറ്റ് സന്ദർശിക്കുക.മെച്ചപ്പെട്ട വിദ്യാഭ്യാസത്തിലൂടെ സാങ്കേതികരംഗത്തെ തടസങ്ങൾ നീക്കാൻ എല്ലാവരെയും പ്രാപ്തരാക്കുകയാണ് കമ്പനിയുടെ ലക്ഷ്യമെന്ന് ടാലന്റ് സ്പ്രിന്റിന്റെ സിഇഒയും എംഡിയുമായ ഡോ. ശാന്തനു പോൾ പറഞ്ഞു. സാങ്കേതികരംഗത്ത് തുല്യത ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത മുൻപത്തേക്കാളേറെ ഇപ്പോൾ പ്രസക്തമാണെന്ന് ഗൂഗിളിന്റെ വിപി/ജിഎം ആയ ശിവ് വെങ്കട്ടരാമൻ പറഞ്ഞു. മുൻപ് നടത്തിയ അഞ്ച് ഘട്ടങ്ങളിലൂടെ 950 ലധികം വിദ്യാർത്ഥികൾ പദ്ധതിയുടെ ഭാഗമായിരുന്നു.

# ട്രോമാക്സ് 2024: റോഡ് സുരക്ഷാ ബോധവത്കരണത്തിന് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ദേശീയ റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി നാല് ദിവസം നീണ്ടുനിൽക്കുന്ന ആസ്റ്റർ മെഡ്സിറ്റിയുടെ ട്രോമാക്സ് 2024 പ്രചാരണ പരിപാടിക്ക് തുടക്കമായി. അസോസിയേഷൻ ഓഫ് ഓറൽ ആൻഡ് മാക്സിലോഫേഷ്യൽ സർജൻസിന്റെ കേരളത്തിലെ ശാഖയും ആസ്റ്റർ മെഡ്സിറ്റിയിലെ ക്രാനിയോമാക്സിലോഫേഷ്യൽ സർജറി വിഭാഗവും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജനുവരി 11 ന് തുടങ്ങിയ പരിപാടി 14 ന് സമാപിക്കും.അപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റ് ആസ്റ്റർ മെഡ്സിറ്റിയിലെത്തുന്നവർക്കായി നിലവിലുള്ള സമഗ്രപരിചരണപദ്ധതി വിപുലീകരിക്കുന്നതിനായാണ് ട്രോമാക്സ് 2024 നടപ്പിലാക്കുന്നത്. ട്രോമ കെയർ വിഭാഗത്തിന്റെ പ്രവർത്തനരീതികൾ വിശദമായി അവലോകനം ചെയ്യുന്ന തത്സമയ പ്രദർശനവും വിഡിയോ പ്രസന്റേഷനും പരിപാടിയുടെ ഭാഗമായി നടക്കും. വിവിധതരം ക്ഷതങ്ങളെയും ഒടിവുകളെയും കുറിച്ചും അവയ്ക്കുള്ള ഫലപ്രദമായ ചികിത്സാമാർഗങ്ങളും ചർച്ചയാകും.പ്രായമായവരിലും കുട്ടികളിലും ഉണ്ടാകുന്ന ക്ഷതങ്ങളെ കൈകാര്യം ചെയ്യുന്നതിനായി ചെറുഗ്രൂപ്പുകളായി തിരിഞ്ഞുള്ള വിശദമായ ചർച്ചകൾക്കും ട്രോമാക്സ് 2024 വേദിയാകും. അപകടങ്ങളെ തുടർന്നുണ്ടാകുന്ന രൂപമാറ്റങ്ങൾ, അംഗവൈകല്യങ്ങൾ എന്നിവയും പ്രധാന വിഷയങ്ങളാണ്. താടിയെല്ലിനേൽക്കുന്ന ക്ഷതങ്ങൾ ഭേദമാക്കാൻ വിർചൽ




ആയി ശസ്ത്രക്രിയകൾ പ്ലാൻ ചെയ്യേണ്ടതെങ്ങനെ എന്ന ചർച്ചയും പരിപാടിയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ്. ഇതിനായി ത്രിമാന മോഡലുകളെ ഉപയോഗിച്ച് തത്സമയ വിവരണവും പരിശീലനവും നൽകും. പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് അടിയന്തര ഘട്ടങ്ങളെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള വൈദഗ്ധ്യമുണ്ടാക്കിയെടുക്കാനും പുതിയ ചികിത്സാരീതികളും അറിവുകളും സ്വായത്തമാക്കാനും ഇവ സഹായിക്കും.

# ആമസോണിൽ ഗ്രേറ്റ് റിപ്പബ്ലിക്ക് ഡേ സെയിൽ

**കൊച്ചി:** ആമസോണിൽ ഗ്രേറ്റ് റിപ്പബ്ലിക്ക് ഡേ സെയിൽ ആരംഭിച്ചു. സ്മാർട്ട്ഫോണുകൾ, കൺസ്യൂമർ ഇലക്ട്രോണിക്സ്, ഗ്രോസറി, ഫാഷൻ,ബ്യൂട്ടി എസ്സെൻഷ്യൽസ്, ഹോം, കിച്ചൻ, അപ്ലയൻസസ്, എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിലായി ഉൽപന്നങ്ങൾ ഓഫറിൽ ലഭിക്കും. ലാപ്ടോപ്പുകൾക്കും മറ്റ് ഇലക്ട്രോണിക്സിനും 75 ശതമാനം വരെ കിഴിവ്. ആമസോൺ ഫാഷൻ ആന്റ് ബ്യൂട്ടി എസ്സെൻഷ്യലുകൾക്ക് 80 ശതമാനവും ആമസോൺ ഫ്രെഷിൽ നിന്നുള്ള ഗ്രോസറികൾക്കും നിത്യോപയോഗ സാധനങ്ങൾക്കും 50 ശതമാനം വരെ ഇളവുമു്. കൂടാതെ പുസ്തകങ്ങൾക്ക് 50 ശതമാനം വരെ ഇളവുമു്. ഈ മാസം 18 വരെയാണ് ഗ്രേറ്റ് റിപ്പബ്ലിക്ക് ഡേ സെയിൽ. ആമസോൺ പേ ലേറ്റർ,നോ കോസ്റ്റ് ഇഎംഐ, എക്സ്ചേഞ്ച് ഓഫറുകൾ എന്നിവയും സെയിലിൽ ലഭ്യമാണ്.

# ദുരന്ത ബാധിതർക്ക് ആശ്വാസഹസ്തവുമായി ഡൊണേറ്റ്കാർട്ട്, സ്വസ്തി സംയുക്ത സംരംഭം

**കൊച്ചി:** ദുരന്തത്തിൽ പരുക്കേറ്റവർക്ക് അവശ്യ വസ്തുക്കൾ എത്തിച്ച് ഡൊണേറ്റ്കാർട്ട്, സ്വസ്തി ഹെൽത്ത് ക്യാറ്റലിസ്റ്റ് സന്നദ്ധ സംഘടനകളുടെ സംയുക്ത സംരംഭം. ബാലസോർ ട്രെയിൻ ദുരന്തത്തിൽ പരിക്കേറ്റ നൂറുകണക്കിനുപേർക്കാണ് ഈ സംയുക്ത സംരംഭം സഹായമെത്തിച്ചത്. 48 മണിക്കൂറിനുള്ളിൽ, 6,000ത്തിലധികം ഭക്ഷണപ്പൊതികൾ, 4,500 കുപ്പി വെള്ളം, 775 ലിറ്റർ പാൽ, 4,350 പഴ പാക്കറ്റും വിതരണം ചെയ്തു. കൂടാതെ ടാർപോളിൻ, സോപ്പ്, സാനിറ്ററി പാഡുകൾ, കൊതുക് വലകൾ, ബക്കറ്റുകൾ, ഡെന്റൽ കിറ്റുകൾ എന്നിവ ഉൾപ്പെട്ട 500 ഷെൽട്ടർ കിറ്റുകളും ലഭ്യമാക്കി. ദുരന്തങ്ങളെത്തുടർന്നു ദുർബലമാകുന്ന സമൂഹത്തിന്റെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കാൻ ഞങ്ങൾ സ്വസ്തി ഹെൽത്ത് ക്യാറ്റലിസ്റ്റ് പ്രതിജ്ഞാബദ്ധമാണെന്ന് നാഷണൽ സോഷ്യൽ പ്രൊട്ടക്ഷൻ കോഓർഡിനേറ്റർ ഭൂപതി പണ്ഡരിനാഥൻ പറഞ്ഞു. ആവശ്യവസ്തുക്കൾ കൃത്യസമയത്ത് എത്തിച്ച് ദുരന്തബാധിതർക്ക് പിന്തുണ നൽകുകയാണ് ലക്ഷ്യമിടുന്നതെന്നു ഡൊണേറ്റ്കാർട്ട് സിഇഒയും സഹസ്ഥാപകനുമായ സാരംഗ് ബോബാഡെ പ്രതികരിച്ചു. വൈദ്യ വിദ്യാഭ്യാസ സഹായങ്ങളും സംയുക്ത സംരംഭം മുഖേന ലഭ്യമാക്കുന്നു്.

# ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗം ചേർന്നു

**കൊച്ചി:** ജില്ലയിൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട നടപടികൾ വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ നേതൃത്വത്തിൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗം ചേർന്നു. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ ഉന്നയിച്ച വിഷയങ്ങൾ യോഗം ചർച്ച ചെയ്തു. റോഡിലെ കുഴികൾ, വീതി കൂട്ടൽ , ട്രാഫിക് സിഗ്നൽ സ്ഥാപിക്കൽ, സീബ്ര ലൈൻ തുടങ്ങിയ റോഡ് സുരക്ഷ ഉറപ്പാക്കേണ്ട നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി.റോഡ് സുരക്ഷയുമായി പൊതുമരാമത്ത് വകുപ്പ്, കേരള റോഡ്സ് ഫണ്ട് കോർപ്പറേഷൻ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, നാഷണൽ ഹൈവേ, മോട്ടോർ വാഹന വകുപ്പ് , പോലീസ് തുടങ്ങിയ വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി.ഡെപ്യൂട്ടി കളക്ടർ കെ. ഉഷാ ബിന്ദു മോൾ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ജി. അനന്തകൃഷ്ണൻ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കടലോര ,ഉൾനാടൻ മത്സ്യതൊഴിലാളികളുടെ പ്രശ്നങ്ങൾ രണ്ടായി കാണണം



**കൊച്ചി:** കടലോര മത്സ്യതൊഴിലാളികളുടെ പ്രശ്നങ്ങളും ഉൾനാടൻ മത്സ്യതൊഴിലാളികളുടെ പ്രശ്നങ്ങളും ഒന്നായി കണ്ട് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന കേന്ദ്രസംസ്ഥാന സർക്കാരുടെ കീഴ് വഴക്കം അവസാനിപ്പിക്കണമെന്ന് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ നടന്ന (കുഫോസ്) മത്സ്യതൊഴിലാളിമത്സ്യകർഷക സംഗമം ആവശ്യപ്പെട്ടു. കുഫോസിൽ നടക്കുന്ന മൂന്ന് ദിവസത്തെ അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസിന്റെ ഭാഗമായാണ് മത്സ്യതൊഴിലാളിമത്സ്യകർഷക സംഗമം സംഘടിപ്പിച്ചത്.590 കിലോമീറ്റർ തീരമുള്ള കേരളത്തിൽ 222 കടലോര മത്സ്യതൊഴിലാളി ഗ്രാമങ്ങളും പത്ത് ലക്ഷത്തോളം കടലോര മത്സ്യതൊഴിലാളികളാണ് ഉള്ളത്. ഇവരിൽ പകുതിയിലേറെപ്പേർ സ്ത്രീകളാണ്. ചില്ലറ വിൽപ്പനരംഗം കേന്ദ്രീകരിച്ചാണ് സ്ത്രീകളിൽ അധികം പേരും പ്രവർത്തിക്കുന്നത്. അതേ സമയം 2.28 ലക്ഷം ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികളാണ് കേരളത്തിലുള്ളത്. ഇവരിൽ ബഹുഭൂരിഭാഗം പേരും നേരിട്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരാണ്. കേരളത്തിലെ 44 നദികളും അഞ്ച് കായലുകളും 81 ഡാമുകളുടെ ജലസംഭരണികളുമാണ് ഇവരുടെ പ്രധാന പ്രവർത്തന മേഖല. ഈ രണ്ടു വിഭാഗം മത്സ്യതൊഴിലാളികളും അഭിമുഖീകരിക്കുന്ന അതിജീവനത്തിന്റെ വെല്ലുവിളികളും പ്രതിസന്ധികളും വ്യത്യസ്തമാണ്. അത് ഉൾകൊണ്ട് വേണം മത്സ്യതൊഴിലാളി ക്ഷേമ പദ്ധതികളും പുനരധിവാസ പദ്ധതികളും നടപ്പിലാക്കേണ്ടത് എന്ന് സംഗമം ആവശ്യപ്പെട്ടു.ഫിഷറീസ് മേഖലയിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഊന്നൽ മത്സ്യബന്ധനത്തിൽ നിന്ന് മത്സ്യകൃഷിയിലൂടെയുള്ള ഉദ്പാദനത്തിലേക്ക് അതിവേഗം മാറുകയാണ്. ഇതിനായി പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിലവിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കൂടി പ്രയോജനം ലഭിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു. വലിയ പ്രതിസന്ധിയിലൂടെയാണ് കേരളത്തിലെ മത്സ്യകൃഷി മേഖല കടന്നുപോകുന്നത് എന്ന് സംഗമത്തിൽ പങ്കെടുത്ത മത്സ്യകർഷർ ചൂണ്ടിക്കാണ്ടി. മതിയായ വില ലഭിക്കാതെ കർഷകർ മത്സ്യകൃഷിയും കുളങ്ങളും ഉപേക്ഷിക്കുന്ന നിലയാണ് കേരളത്തിലിപ്പോൾ. അതേ സമയം നിത്യ ഉപയോഗത്തിനായി പ്രതിവർഷം നാല് ലക്ഷത്തോളം ടൺ മത്സ്യം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളം ഇറക്കുമതി ചെയ്യുന്നത് തുടരുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്ന് മാത്രമല്ല, ഒമാനിൽ നിന്ന് വരെ കേരള വിപണിയിൽ മത്സ്യം എത്തുന്നു. കേരളത്തിൽ നിന്ന് സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന വ്യവസായികളാകട്ടെ, സംസ്ഥാനത്ത് വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ തിലാപ്പിയ പോലുള്ള മത്സ്യങ്ങൾ ആന്ധ്രയിൽ നിന്നാണ് സംഭരിക്കുന്നത്. അതേ സമയം കേരളത്തിലെ കർഷകർ ഉദ്പാദിക്കുന്ന തിലാപ്പിയക്ക് ആവശ്യക്കാർ ഇല്ലാത്തതിനാൽ കർഷകർ സാമ്പത്തിക പ്രതിസന്ധിയിലാവുകയും കടക്കണിയിൽ അകപ്പെടുകയും ചെയ്യുന്നു. കർഷകരെയും സമുദ്രോൽപ്പന്ന കയറ്റുമതിക്കാരെയും കൂട്ടിയിണക്കുന്ന കണ്ണിയുടെ അഭാവം മൂലമാണ് ഈ പ്രതിസന്ധി. ഇതിന് പരിഹാരമുണ്ടാക്കാൻ സംസ്ഥാന ഫിഷറീസ് വകുപ്പ് മുന്നോട്ട് വരണമെന്നും സംഗമം ആവശ്യപ്പെട്ടു.കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ മത്സ്യതൊഴിലാളിമത്സ്യ കർഷക സംഗമം ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളി അധ്യക്ഷനായിരുന്നു. മുൻ എം.എൽ.എ വി.ദിനകരൻ , കുഫോസ് വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ഡെയ്സി കാപ്പൻ എന്നിവർ പ്രസംഗിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇരുന്നൂറോളം മത്സ്യതൊഴിലാളികളും കർഷകരും സംഗമത്തിൽ പങ്കെടുത്തു.

## ദേശീയ യുവജനദിനം:

# യുവാക്കൾക്ക് മാതൃകയായി മുതിർന്ന പൗരന്മാരുടെ വാക്കത്തോൺ




**കോഴിക്കോട്:** ദേശീയ യുവജനദിനത്തോട് അനുബന്ധിച്ച് മുതിർന്ന പൗരന്മാർക്ക് വേണ്ടി വാക്കത്തോൺ സംഘടിപ്പിച്ച് കോഴിക്കോട് ആസ്റ്റർ മിംസ്. മനസിലെ സ്വപ്നങ്ങൾ നേടിയെടുക്കാൻ ആരോഗ്യം സംരക്ഷിക്കാം എന്ന സന്ദേശം പങ്കുവെച്ച് യുവാക്കൾക്ക് മുന്നിൽ നല്ല മാതൃകയുമായി അറുപത് വയസ് പിന്നിട്ട നൂറിലേറെ പേർ വാക്കത്തോണിൽ പങ്കെടുത്തു.ആസ്റ്റർ റെസ്പെക്ട് കൂട്ടായ്മയാണ് മുതിർന്ന പൗരന്മാരിൽ ആരോഗ്യശീലങ്ങളും സൗഖ്യവും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മുൻസിപ്പൽ ഓഫിസിന് സമീപത്തെ ബീച്ചിൽ വ്യായാമവും വാക്കത്തോണും സംഘടിപ്പിച്ചത്.ആരോഗ്യത്തോടെ ജീവിക്കാൻ പ്രായം ഒരു തടസ്സമല്ലെന്ന് തെളിയിക്കാനും, പ്രായം വെറും അക്കങ്ങൾ മാത്രമാണെന്ന് മനസിലാക്കുന്നതിനുവേണ്ടിയുമാണ് ഇങ്ങനെയൊരു പരിപാടി സംഘടിപ്പിച്ചതെന്ന് ആസ്റ്റർ മിംസിലെ ജനറൽ മെഡിസിൻ വിഭാഗം സീനിയർ സ്പെഷ്യലിസ്റ്റ് ഡോ. നദീമു റഹ്മാൻ പറഞ്ഞു. വ്യായാമം ഒരു ശീലമാക്കിയും, ദുശീലങ്ങൾ ഒഴിവാക്കിയും, ആരോഗ്യകരമായ ദിനചര്യകൾ പാലിച്ചും ഏത് പ്രായക്കാർക്കും ഒരുപോലെ ആരോഗ്യം കാത്തുസൂക്ഷിക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റിട്ട. മുൻസിപ്പൽ സൂപ്രണ്ട് എം പി നീലകണ്ഠൻ നമ്പീശൻ, റിട്ട. റെയിൽവേ സീനിയർ എൻജിനീയർ പി കെ ചന്ദ്രശേഖരൻ എന്നിവർ ചേർന്ന് ഫ് ളാഗ് ഓഫ് നിർവ്വഹിച്ചു.മുതിർന്ന പൗരന്മാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് വേണ്ടി സമാനമായ നിരവധി പരിപാടികൾ ആവിഷ്കരിക്കുന്നതിനായി തയാറാക്കിയിട്ടുള്ളതാണ് ആസ്റ്റർ മിംസിന്റെ ആസ്റ്റർ റെസ്പെക്ട് കമ്മ്യൂണിറ്റി. കൃത്യമായ ഇടവേളകളിലുള്ള മീറ്റിങ്ങുകൾ, ചെക്കപ്പുകൾ, ഒത്തൊരുമിക്കലുകൾ, എന്നിവയിലൂടെയാണ് പദ്ധതി മുന്നോട്ട് പോകുന്നത്. ഒപ്പം കലാപരമായ കഴിവുകൾ പ്രകടമാക്കാനും, സമചിന്താഗതിക്കാരുടെ സഹായം തേടുന്നതിനും ഈ കൂട്ടായ്മകൾ സഹായിക്കുമെന്ന് കോഓർഡിനേറ്റർ സൂര്യാദേവി പറഞ്ഞു.

